(1863) ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പാറളത്ത് എ.ആർ.ഡബ്ല്യു.എസ്.എസ്.ന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് ടെണ്ടർ ചെയ്തത് എന്നാണ്.

(ബി) ഈ വർക്ക് എടുക്കുന്നതിനായി അപേക്ഷ നൽകിയിരുന്ന കരാറുകാർ ആരൊക്കെ; ഓരോത്തുരുടെയും തുക എത്ര;

(സി) ഈ വർക്ക് എടുക്കാൻ ഏറ്റവും കുറഞ്ഞ ടെണ്ടർ നൽകിയ ആൾ തയ്യാറാകാതിരുന്നതിന്റെ കാരണമെന്ത്; ബോർഡ് ഈ കരാറുകാരനുമായി നെഗോസേഷ്യൻ നടത്തിയിരുന്നോ;

(ഡി) രണ്ടാമത്തെ കുറഞ്ഞ ടെണ്ടർ നൽകിയ ആൾ ഈ വർക്ക് അവാർഡ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കരാറുകാരൻ വർക്ക് തുടങ്ങിയോ; എന്നാണ് ഈ വർക്ക് പൂർത്തിയാക്കേണ്ടത്;

(ഇ) ഈ ട്രീറ്റ്മെന്റ് പ്ലാന്റ് വർക്ക് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ബോർഡിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 16/12/997-ൽ

(ബി) ഈ വർക്ക് എടുക്കുന്നതിനായി അപേക്ഷ നൽകിയ കാരാറുകാരും അവർ ക്വാട്ട് ചെയ്ത തുകയും താഴെ കൊടുക്കുന്നു:

(1) മെസേഴ്സ് ശ്രീറാം എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്, ചെന്നൈ	-	ടെണ്ടർ വ്യവസ്ഥക്ക് വിരുദ്ധമായി ടെണ്ടർ സമർപ്പിച്ചതിനാൽ ടെണ്ടർ പരിഗണിച്ചില്ല.
(2) മെസ്സേഴ്സ്.'റേ'കൺട്രക്ഷൻ ലിമിറ്റഡ് , മുംബൈ	-	65 ലക്ഷം രൂപ
(3) ശ്രീ. വി.പി. ഷംസുദ്ദീൻ	-	79 ലക്ഷം രൂപ
(4) മെസ്സേഴ്സ് പറമ്പി കൺസ്ട്രക്ഷൻസ്, കൊരട്ടി, തൃശ്ശൂർ ജില്ല.	-	64 ലക്ഷം രൂപ

(സി)&(ഡി) നെഗോസേഷ്യൻ നടത്തിയിരുന്നു. ഏറ്റവും താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത പറമ്പി കൺട്രക്ഷൻ അതോറിറ്റിയുടെ തൃശ്ശൂർ ജില്ലയിൽ ഏറ്റെടുത്ത വർക്കുകളും നിശ്ചയത്തിന് പൂർത്തിയാക്കാത്തതിന് തൃപ്തികരമായി ജോലി ചെയ്യുന്ന മുൻകാല പ്രവൃത്തി വിവരങ്ങളുടെയും അടിസ്ഥാനത്തിലും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കരാറുകാരന്റെ തുകയ്ക്ക് തന്നെ ജോലി ചെയ്യാമെന്ന് അറിയിച്ചതിനാലും പരിചയസമ്പത്തുള്ള വിഖ്യാതമായ റേ കമ്പനിക്ക് ജോലി നൽകുകയുണ്ടായത്. രണ്ടാമത്തെ കുറഞ്ഞ ടെണ്ടർ നൽകിയ ഈ കമ്പനിക്ക് 26.10.99-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ടില്ല. വർക്ക് ഓർഡർ കൊടുത്ത് 18 മാസത്തിനുള്ളിൽ പണി

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കണം (അതായത് 25.4.2001) എന്നാൽ ഈ ജോലി ഹൈക്കോടതി വിലക്കിയിരിക്കുകയാണ്. വിലക്ക് മാറുന്ന മുറയ്ക്ക് പണികൾ ആരംഭിക്കും.

(ഇ) ഉണ്ട്.

(എഫ്) ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ടെണ്ടർ കണ്ടിഷൻ അനുസരിച്ച് ഹാജരാകേണ്ട ബാർ ചാർട്ട് ഹാജരാക്കിയിരുന്നില്ല. അത്യാവശ്യം പരിശോധനകൾക്കുവേണ്ടിവന്ന ടെണ്ടറിന്റെ കാലാവധി നീട്ടിത്തന്നില്ല. ഈ കരാറുകാരന്റെ മുൻകാല ജോലികൾ പലതും കുഴപ്പങ്ങൾക്ക് ഇടവരുത്തിയിട്ടുണ്ട്. മുൻകാലജോലികൾ തൃപ്തികരവുമായിരുന്നില്ല. ഇതേ സമയം രണ്ടാമത്തെ കുറഞ്ഞ കരാറുകാരന്റെ മുൻകാല പ്രവൃത്തികൾ തൃപ്തികരമായാലും സാങ്കേതികവും, സാമ്പത്തികവുമായ സ്ഥിതി മെച്ചമാകയാലും ഏറ്റവും കുറഞ്ഞ കരാറുകാരന്റെ റേറ്റ് സമ്മതമായതിനാലും, ടെണ്ടറിന്റെ കാലാവധി നീട്ടിത്തരുവാൻ തയ്യാറായതിനാലും, രണ്ടാമതു കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി അനുവദിച്ചത് തികച്ചും ശരിയാണ് എന്നതാണ് ബോർഡ് സ്വീകരിച്ച നിലപാട്.

(1866) ജലസേചന വകുപ്പിലെ പണികൾക്ക് താൽക്കാലിക നിരോധനം

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പിൽ നദികളുടെ കരകെട്ടി സംരക്ഷിക്കുന്ന പണികളുടെ നോൺ പ്ലാൻ ഇനത്തിലുള്ള ജോലികൾക്ക് 1999-2000 വർഷത്തിൽ ഇതുവരെ എന്തെങ്കിലും താൽക്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങളുടെ പകർപ്പു ലഭ്യമാക്കുമോ;

(ബി) 1999-2000 വർഷത്തിൽ ഈ ഇനത്തിൽ എത്ര രൂപയ്ക്കുള്ള പണികൾ ഏറ്റെടുത്തു നടത്താൻ അനുമതി നൽകിയിട്ടുണ്ടെന്നും ഇതിൽ എന്തെല്ലാം പണികൾക്ക് ടെണ്ടർ ക്ഷണിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പണികൾക്ക് അനുമതി നൽകിയിട്ട് താൽക്കാലിക നിരോധനം മൂലം പണി ചെയ്യാൻ സാധിക്കാതെയുണ്ടെന്നും ഇവ ഈവർഷം ചെയ്യാൻ സാധിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർദ്ദേശങ്ങളുടെ പകർപ്പു അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിട്ടുണ്ട്.†

(ബി) 1999-2000 സാമ്പത്തിക വർഷം 22,15,912 രൂപയ്ക്കുള്ള പണികൾ ഏറ്റെടുത്തു നടത്താൻ അനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 3- ആയി ചേർത്തിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള പണികൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly